# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .റ്റി വി എം .ജിപി .6/1821/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ചെയർമാൻ (സെക്രട്ടറി മുഖേന)
കാട്ടാക്കട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .റ്റി വി എം .ജിപി .6/1821/2023 തീയ്യതി: 27/12/2023

## തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ( ഹ ഗ്രേ) | 09-11-2023 | 21-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2023 | 21-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രതാപ് കുമാർ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. അഭിജിത് ആർ, അസി. ഓഡിറ്റ് ഓഫീസർ (10.11.2023 വരെ)

ശ്രീമതി വെർജിൻ ഷീജ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. എസ്.കെ. ശ്രീജിത്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ (PEN 419889)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. അനിൽകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി മിനിചന്ദ്ര | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. സിദ്ധി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ശാന്തകുമാർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 08-05-2022 |
| ഡോ. ലോല | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 09-05-2022 | 29-08-2022 |
| ഡോ. കാവ്യ ശങ്കർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 29-08-2022 | 31-03-2023 |
| ഡോ. സജിത്ത് കുമാർ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന | കൃഷി ഓഫീസർ | 01-04-2022 | 25-07-2022 |
| ശ്രീമതി അദ്രിക | കൃഷി ഓഫീസർ | 26-07-2022 | 31-03-2023 |
| ശ്രീമതി തിങ്കൾ ജ്യോതി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആമച്ചൽ(ചാർജ്ജ്) | 01-04-2022 | 27-10-2022 |
| ശ്രീമതി മീനു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആമച്ചൽ | 27-10-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കിള്ളി | 01-04-2022 | 05-05-2022 |
| ശ്രീമതി ദിവ്യ എസ്. മഹേന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കിള്ളി | 09-05-2022 | 13-09-2023 |
| ശ്രീ. മഹേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കിള്ളി | 15-09-2022 | 30-09-2023 |
| ശ്രീമതി തിങ്കൾ ജ്യോതി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കിള്ളി (ചാർജ്ജ്) | 10-10-2022 | 16-10-2022 |
| ശ്രീമതി ദിവ്യ എസ്. മഹേന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കിള്ളി | 16-10-2022 | 15-01-2023 |
| ശ്രീമതി തിങ്കൾ ജ്യോതി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടാക്കട | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീല ബി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ദീപക്ക് | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2022 | 21-11-2022 |
| ശ്രീമതി അരുണ | അസി. എഞ്ചിനീയർ (എൽ.എസ്.ജി.ഡി.)) | 22-11-2022 | 31-03-2023 |
| ശ്രീമതി അഞ്ജന ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 20-02-2023 |
| അമൃത | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-02-2023 | 31-03-2023 |
| ശ്രീ. സജീവ് കുമാർ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 30-12-2022 |
| ശ്രീമതി മിനി കെ നായർ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 31-12-2022 | 31-03-2023 |
| ശ്രീ. സനൽകുമാർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജീവ് ജി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ. രജിത്ത് ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. പ്രദീപ്കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ( ചാർജ്ജ്) | 06-05-2022 | 08-05-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച പത്രിക ബി-1 ഷെഡ്യൂളിനോടൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു | 1-1-5 |
| 7 | റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെൻറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-1-6 |
| 8 | വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | നല്കി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-1-9 |
| 11 | ബാങ്ക് ബുക്ക് നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-10 |
| 12 | അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | രസീത് തെറ്റായ ശീർഷകത്തിൽ നല്കിയിരിക്കുന്നു. | 1-1-12 |
| 14 | ഡിമാന്റ് വിവരങ്ങൾ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല | 1-1-13 |
| 15 | പൂർത്തീകരിക്കാനാവാത്ത ചെലവുകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | കേരള വാട്ടർ അതോറിറ്റി - ധനവിനിയോഗ സാക്ഷ്യപത്രം - ലഭിച്ച തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല. | 1-1-16 |
| 18 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-17 |
| 19 | വാർഷിക ധനകാര്യപത്രികയും എ.സി.ആർ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | മറ്റു അപാകങ്ങൾ | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ബജറ്റ് -അപാകതകൾ | 1-2-1 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-6 |
| 27 | സാമൂഹിക സുരക്ഷ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം | 1-6-1 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 31 | MGNREGS - ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല | 1-9-1 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-11 |

| | | |
|---|---|---|
| 34 | കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല. | 1-12 |
| 35 | മൊബൈൽ ടവർ - വസ്തുനികുതി രൂപ 174756 ഈടാക്കുവാൻ അവശേഷിക്കുന്നു | 1-13 |
| 36 | വസ്തു നികുതി നിർണ്ണയത്തിൽ കുറവ് - ഡേറ്റാ പ്യൂരിഫിക്കേഷൻ അനിവാര്യം | 1-14 |
| 37 | വാടക കുടിശ്ശിക രൂപ 114048/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. | 1-15 |
| 38 | ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല | 1-16 |
| 39 | പോസ്റ്റ് ഒക്യുപൻസി ഒാഡിറ്റ് നടത്തിയിട്ടില്ല. | 1-17 |
| 40 | കാർഷിക ലേബർ ബാങ്ക് പദ്ധതി- അപാകതകൾ | 1-18 |
| 41 | തനതു വരുമാന ശേഖരണം- അവലോകനം | 1-19 |
| 42 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല | 1-20 |
| 43 | ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്യാതെ തുക അനുവദിക്കുന്നു. | 1-21 |
| 44 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - വിതരണം ചെയ്തിട്ടില്ല – 38200/-രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 45 | മൈക്രോപ്ലാൻ തയ്യാറാക്കൽ - പദ്ധതി തുക ചെലവഴിച്ചിട്ടില്ല. | 1-23 |
| 46 | മാനദണ്ഡങ്ങൾ പാലിക്കാതെ പട്ടികജാതി വനിതാസംരംഭകർക്ക് ധനസഹായം അനുവദിച്ചു- 525000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 47 | വാഹനഉപയോഗം- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-25 |
| 48 | 2020-21 വർഷത്തിൽ ആരംഭിച്ച 'ടേക്ക് എ ബ്രേക്ക്' പദ്ധതി 2022-23 വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023 ലെ 3(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ ആയത് തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/13.11.2023) അടിസ്ഥാന അനുപാതങ്ങളിൽ ഏതൊക്കെയാണ് തയ്യാറാക്കി നൽകേണ്ടതെന്ന് വ്യക്തതയില്ലാത്തതുകൊണ്ടാണ് തയ്യാറാക്കാൻ സാധിക്കാത്തതെന്നാണ് അറിയിച്ചിരിക്കുന്നത്. അടുത്ത സാമ്പത്തിക വർഷം മുതൽ ഇവ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച പത്രിക ബി-1 ഷെഡ്യൂളിനോടൊപ്പം സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച് ബി-1 ഷെഡ്യൂൾ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന പത്രിക വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ മേൽ പത്രിക സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| 2022-23 വർഷത്തെ ഹെഡ് കോഡ് | 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് | 2022-23 വർഷത്തെ എ.എഫ്.എസ് പ്രകാരമുള്ള |
|---|---|---|

| | | |
|---|---|---|
| | | മുന്നിരിപ്പ് |
| 450210101 (SBI CA SANCHAYA 834-37342461834) | 1364866 | 1364871 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/13.11.2023) ILGMS സോഫ്റ്റ്‌വെയർ പ്രവർത്തനമാരംഭിക്കുന്നതിനു മുൻപ് 5/- രൂപ ഗ്രാമപഞ്ചായത്തിന്റെ ഓൺലൈൻ തുക അടവുവരുന്ന അക്കൗണ്ടിലേക്ക് വന്നതാണ് പൊരുത്തക്കേടായി കാണുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/in Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16370692/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2265910/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/13.11.2023) ILGMS സോഫ്റ്റ്‌വെയറിന്റെ പിഴവ് കാരണമാണ് ഇങ്ങനെ ജനറേറ്റ് ചെയ്ത് വരുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-5 വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 269160703/-, ചെലവ് 270822432/-, Deficit-1661729/-). കൂടാതെ ബാലൻസ് ഷീറ്റ് B-1 ലെയും Trial Balance ലെയും Excess Of Income Over Expenditure തുകകൾ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/13.11.2023). 2022-23 സാമ്പത്തികവർഷം 62,26,996/- രൂപയുടെ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇത് ഒരു Nominal Expenditure ആയതിനാൽ Cash Outflow ഉണ്ടായിട്ടില്ലായെന്നും ഇതുകൊണ്ടാണ് Income And Expenditureൽ വരവിനെക്കാളും ചെലവ് അധികരിച്ചിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതും B-1 ഷെഡ്യൂളിലെ Excess Of Income Over Expenditure തുക നിർണയിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-6 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെൻറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

Nationalised Bank Account Of Own Revenue Fund (450210101) എന്ന ബാങ്ക് അക്കൌണ്ടിൽ 60,437/- രൂപയും Try TSB – Old (450210104) എന്ന Treasury അക്കൌണ്ടിൽ 47/- രൂപയും 31-03-23 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയതിന്റെ Bank/ Treasury സ്റ്റേറ്റ്മെൻറുകൾ/പാസ്സ് ബുക്ക്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെൻറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ Nationalised Bank Account Of Own Revenue Fund അക്കൗണ്ട് ILGMS ലും ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.11.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ട് സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-7 വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ, എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-8 രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

തനതു വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-9 നല്കി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

SBI Relief Fund (57037471726) അക്കൌണ്ടിന്റെ Reconciliation സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ താഴെ ചേർക്കുന്ന ചെക്കുകൾ അവശേഷിക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 652825 | 25-02-22 | 1000 |

| | | | |
|---|---|---|---|
| 2 | 652826 | 25-02-22 | 1000 |
| 3 | 223992 | 26-02-22 | 500 |

നല്കി മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/13.11.2023) ഈ സാമ്പത്തികവർഷം Stale Cheque ഇനത്തിൽ എടുത്ത് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-10 ബാങ്ക് ബുക്ക് നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

LGTSB NEW 007 (799013000000007) ന്റെ ബാങ്ക് ബുക്ക് 31.03.2023 ൽ -976051/- രൂപയുടെ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. എല്ലാ സാമ്പത്തിക വർഷാവസാനവും ഗ്രാമപഞ്ചായത്തിന്റെ LGTSB അക്കൗണ്ടിലെ തുക എല്ലാം Resumption എന്ന് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയശേഷം സർക്കാർ പിൻവലിക്കുകയും അടുത്ത സാമ്പത്തിക വർഷം തിരികെ നിക്ഷേപിക്കുകയുമാണ് ചെയ്തു വരുന്നത്. 31.03.23 ന് നൽകുന്ന ചെക്കുകൾ ട്രഷറിയിൽ കൃവിലാകുകയും തത്ഫലമായി ബാങ്ക് ബുക്ക് ബാലൻസ് തുക നെഗറ്റീവ് ആകുകയും ചെയ്തതാണെന്നാണ് അറിയിച്ചിരിക്കുന്നത്. (ഓഡിറ്റ് അന്വേഷണം (6/13.11.2023) ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-1-11 അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സെക്രട്ടറിയുടെ പേരിലുള്ളതും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടുള്ളതുമായ ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് നം. | ബാങ്ക് | നീക്കിയിരിപ്പ് |
|---|---|---|
| 110042517544, CANARA - HEALTH GRANT - BUILDINGS | CANARA Bank, Kattakada | 0 |
| 110020636816 Canara Bank, Vathilpadisevanam | CANARA Bank, Kattakada | 1,11,969/- |

ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് ILGMS ൽ ഉൾപ്പെട്ടിട്ടുണ്ട്. എല്ലാ ആക്ടീവ് അക്കൗണ്ടുകളുടെയും വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-12 രസീത് തെറ്റായ ശീർഷകത്തിൽ നല്കിയിരിക്കുന്നു.

ലൈഫ് ഭവനപദ്ധതിക്കായി ഗുണഭോക്താവിന് തെറ്റായി കൈമാറിയ തുക 4,80,000/- രൂപ തിരികെ ലഭ്യമായപ്പോൾ 320700203 – Contributions For Joint Venture Projects (For Revenue Expenditure) എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു(രസീത് നം. 1220001294/31.03.2023). ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.11.2023) ILGMS സോഫ്റ്റ് വെയറിന്റെ തകരാർ കാരണം സംഭവിച്ച പിഴവാണെന്നാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-13 ഡിമാന്റ് വിവരങ്ങൾ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201533/31.03.2023 |
| 110100102 | Property Tax On Non Residential Buildings | 42201534/31.03.2023 |
| 110200101 | Profession Tax - Institutions | 42201586/31.03.2023 |
| 110200105 | Profession Tax - Traders | 42201589/31.03.23 |

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-14 പൂർത്തീകരിക്കാനാവാത്ത ചെലവുകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ

രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-15 കേരള വാട്ടർ അതോറിറ്റി – ധനവിനിയോഗ സാക്ഷ്യപത്രം – ലഭിച്ച തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

Kerala Water Authority യിൽ നിന്ന് 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ തുകകൾ ചെലവഴിച്ചതായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം 7421729/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം Kerala Water Authority ലഭ്യമാക്കിയിട്ടുണ്ട്. ആയത് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക്, ലെഡ്ജർ എന്നിവ പ്രകാരം 47,72,629/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രമാണ് ലഭിച്ചത്. കൂടാതെ വിനിയോഗിക്കാതെ അവശേഷിച്ച 14,17,599/- രൂപ തിരികെ ലഭിച്ചിട്ടുമുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/21.11.2023) ഡെപ്പോസിറ്റ് ഹെഡിന് പകരം ബന്ധപ്പെട്ട ചെലവ് ഹെഡിൽ ബുക്ക് ചെയ്യുന്നത് കാരണമാണ് ഡെപ്പോസിറ്റ് ഹെഡിൽ ചെലവ് കാണാത്തത് എന്നാണ് അറിയിച്ചിരിക്കുന്നത്. വരും വർഷങ്ങളിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-16 സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (6/13.11.2023) സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നത് സംബന്ധിച്ച പരിശീലനമോ മാർഗ്ഗനിർദ്ദേശങ്ങളോ ലഭിക്കാത്തതിനാലാണ് ചെയ്യാതിരുന്നതെന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് സ്റ്റോക്ക് മൂല്യ നിർണയം നടത്തേണ്ടതും വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

### 1-1-17 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

A) വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് (B-7) പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ആധികാരികത പരിശോധിക്കാൻ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

B) വായ്പ / വായ്പ തിരിച്ചടവ് പരിശോധിക്കുന്നതിനായി ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

C) വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് (B-18) ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കാൻ അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

D) MGNREGS ന്റെ ഭരണചെലവിനത്തിലെ തുകകൾ രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഭരണചെലവ് തുക | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വരവ് | 2089467 | 2204322 |
| നീക്കിയിരിപ്പ് | - | 1992164 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.11.2023) അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെന്നും MGNREGS ന്റെ വരവുചെലവുകണക്കുകളുടെ സംക്ഷിപ്തം എഴുതി ഓഡിറ്റിന് സമർപ്പിക്കാൻ MGNREGS ന്റെ AE യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-18 വാർഷിക ധനകാര്യപത്രികയും എ.സി.ആർ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്- (ജനറൽ) ഗ്രാന്റിന്റെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഇനം | ചെലവ് തുക |
|---|---|---|
| വികസനഫണ്ട് (General) | ACR + Source Deduction | 29326620 |
| | Accounts | 27982856 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (36/21.11.2023) വികസനഫണ്ടിന്റെ എ.സി.ആർ സാംഖ്യ സോഫ്റ്റ് വെയറിൽ ഓട്ടോമാറ്റഡ് ആയി വരുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. വരും വർഷങ്ങളിൽ ഇത്തരം അപാകത ഒഴിവാക്കേണ്ടതാണ്.

### 1-1-19 മറ്റു അപാകങ്ങൾ

A) Receipts From Library എന്ന ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം 4112/- രൂപയാണ് വരവ്. എന്നാൽ രസീത് പരിശോധനയിൽ 4216/- രൂപ തൻവർഷം വരവുണ്ട്.

B) വാർഷിക കണക്കിലെ ഡിമാന്റ് തുകയും വരവിനങ്ങളുടെ രജിസ്റ്ററിലെ ഡിമാന്റ് തുകയും പൊരുത്തപ്പെടുന്നില്ല.

| Head | Register | AFS |
|---|---|---|
| Profession Tax – Institutions | 355165 | 618840 |

C) സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 23 പേർക്ക് 30000/- വീതം 6,90,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ILGMS ൽ അവസാനനിമിഷമാണ് AFS തയ്യാറാക്കാനായതെന്നും ആയതിനാലാണ് വിവാഹ ധനസഹായം സംബന്ധിച്ച ചെലവ് രേഖപ്പെടുത്താൻ വിട്ടുപോയതെന്നുമാണ് മറുപടി (ഓഡിറ്റ് അന്വേഷണം 36/21.11.2023) ലഭ്യമാക്കിയിരിക്കുന്നത്. എല്ലാ ചെലവുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

| | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 30.03.22 | 20.03.23 |
| ഭരണസമിതി തീരുമാനം | (1) ാം നമ്പർ തീരുമാനം | (1) ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | 16759729 | 18669013 |
| പ്രതീക്ഷിത വരവ് | 455541000 | 519206460 |
| പ്രതീക്ഷിത ചെലവ് | 466382929 | 524161164 |
| നീക്കിയിരുപ്പ് | 5917800 | 13714309 |

## 1-2-1 ബജറ്റ് -അപാകതകൾ

ബജറ്റ് (പരിഷ്കരിച്ചത്) സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

A)ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (19/16.11.2023) അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

B)നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി

ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 22153791 |
| ഓഡിറ്റ് വർഷത്തെ വരവ് | 82848366 |
| ആകെ | 105002157 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66477674 |
| നീക്കിയിരിപ്പ് | 38524483 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 269160703/- രൂപയും ചെലവ് 270822432/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22711569 | 22711569 | 27982856 | -5271287 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10788804 | 10788804 | 11353926 | -565122 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 79384 | 79384 | 93692 | -14308 |
| വികസനഫണ്ട് (CFC Tied) | 0 | 16400327 | 16400327 | 8638170 | 7762157 |
| വികസനഫണ്ട് (CFC Untied) | 0 | 5679487 | 5679487 | 7759516 | -2080029 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 9805000 | 9805000 | 8746699 | 1058301 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 27885000 | 27885000 | 18154163 | 9730837 |
| CSS | 0 | 0 | 0 | 2693878 | -2693878 |
| SSS | 0 | 0 | 0 | 640000 | -640000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1.a)വികസന ഫണ്ട്-( ജനറൽ) ഗ്രാന്റിന്റെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 27982856 |
| | ACR + Source Deduction | 29326620 |

B) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്.

2.a)സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതവും ഖണ്ഡിക 6.2 പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതവും പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ഫണ്ടിന്റെ 8% , പട്ടികവർഗ്ഗ ഉപപദ്ധതിക്കായി ലഭിച്ച ഫണ്ടിന്റെ 23% എന്നീ തുകകൾ

ചെലവഴിക്കാതെ പാഴായിരിക്കുന്നു.

B) 2022-23 വർഷം വകയിരുത്തിയ ചുവടെ പറയുന്ന എസ്.സി.പി , ടി.എസ്സ്.പി.ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല.

| ക്രമ. നം | പദ്ധതി നം. | പദ്ധതി പേര് | അടങ്കൽ (ഫണ്ട്) | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 294 | ലൈഫ് തിരിച്ചടവ് (എസ്സ്.സി.പി) | 359250 | സെക്രട്ടറി |
| 2 | 295 | ലൈഫ് തിരിച്ചടവ് (ടി.എസ്സ്.പി) | 28616 | സെക്രട്ടറി |

3) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും, കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ, പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചിട്ടില്ല.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3531090 | 1653200 | 47 |
| കുട്ടികൾ | 3069687 | 2776800 | 90 |
| വൃദ്ധർ | 1197320 | 773147 | 65 |
| മറ്റ് ദുർബലവിഭാഗങ്ങൾ | 34662 | 5474 | 16 |
| പാലിയേറ്റീവ് കെയർ രോഗികൾ | 568360 | 502330 | 88 |

4) വനിതകൾ, വൃദ്ധർ, മറ്റ് ദുർബലവിഭാഗങ്ങൾ എന്നിവർക്കായി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്ട് നമ്പർ | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 214 | 500000 |
| വൃദ്ധർ | 138 | 296443 |
| മറ്റ് ദുർബലവിഭാഗങ്ങൾ | 266 | 25000 |

5) 2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും സേവന മേഖലയിൽ ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 9970640 | 6903705 | 69 |
| | പട്ടിക ജാതി | 786000 | 561000 | 71 |
| സേവനം | പൊതുവിഭാഗം | 116416099 | 46532207 | 40 |
| | പട്ടിക ജാതി | 27778108 | 10146364 | 37 |
| | പട്ടികവർഗ്ഗം | 378835 | 265219 | 70 |
| പശ്ചാത്തലം | പൊതുവിഭാഗം | 36558280 | 21125502 | 58 |
| | പട്ടിക ജാതി | 3650000 | 3472800 | 95 |

6) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട

തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700103 | 672816 | വില്ലേജ് പഞ്ചായത്ത് |
| 2 | 320700203 | 480000 | വില്ലേജ് പഞ്ചായത്ത് |
| 3 | 320700204 | 750249 | ബ്ലോക്ക് പഞ്ചായത്ത് |
| 4 | 320700205 | 809589 | ജില്ലാപഞ്ചായത്ത് |
| 5 | 320700304 | 577591 | ബ്ലോക്ക് പഞ്ചായത്ത് |

7) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

8) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions ഇനത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക (ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ) ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320200305 | Grant For Drinking Water Schemes | 420931 |
| 320200307 | Local Area Development Fund For Members Of Legislative Assembly | 31415 |
| 320200399 | Grants,Funds&Contributions For Specific Purposes-other Than Development Fund And State Sponsored Scheme Funds-other Purposes | 200000 |
| 320300103 | Grants,Funds&contributions For Specific Purposes- Other Government Agencies-Total Sanitation | 899958 |
| 320100198 | Grant From Suchitwa Mission | 872576 |
| 320300199 | Grants,Funds&contributions For Specific Purposes- Other Government Agencies | 167325 |
| 320800199 | Grants,Funds&contributions For Specific Purposes- Capital | 5676444 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/15.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

9) B4ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 185456/- അവശേഷിക്കുന്നു. ഹാജരാക്കിയ ലെഡ്ജർ പരിശോധിച്ചതിൽ മുന്നിരിപ്പായ 86148/- ഉൾപ്പെടെ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതായി കാണുന്നു. ആയത് ചെലവഴിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ മുന്നിരിപ്പുൾപ്പെടെയുള്ള തുക വിനിയോഗിച്ച് അറിയിക്കേണ്ടതാണ്. (6/13.11.23)

## 1-5 പദ്ധതി അവലോകനം


1) 2022-23 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 29747000 | 27982856 | 1764144 |
| വികസനഫണ്ട് (എസ്.സി.പി) | 11408000 | 11353926 | 54074 |
| വികസനഫണ്ട് (ടി.എസ്.പി) | 108000 | 93692 | 14308 |


| | | | |
|---|---|---|---|
| മെയിന്റനൻസ് (നോൺ റോഡ്) | 9805000 | 8746699 | 1058301 |
| മെയിന്റനൻസ് (റോഡ്) | 27885000 | 18154163 | 9730837 |
| **ആകെ** | **78953000** | **66331336** | **12621664** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 1 | 1959640 | 1289493 | 65.80 |
| വെറ്റിനറി സർജൻ | 10 | 10 | 0 | 3161000 | 2035055 | 64.38 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 16 | 15 | 1 | 6596944 | 5190419 | 78.68 |
| മെഡിക്കൽ ഓഫീസർ – ആയുർവേദം | 10 | 10 | 0 | 2600000 | 2600000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29 | 26 | 3 | 133550379 | 22092680 | 16.54 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 12 | 1 | 6780836 | 6355935 | 93.73 |
| സെക്രട്ടറി | 59 | 41 | 18 | 31367739 | 22805974 | 72.70 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 55 | 38 | 53050508 | 26492362 | 49.93 |
| ഹെഡ്മാസ്റ്റർ | 11 | 10 | 1 | 4033687 | 3672219 | 91.04 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 3900000 | 3264809 | 83.71 |
| അസി.സെക്രട്ടറി | 15 | 12 | 3 | 5250662 | 3442877 | 57 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 1 | 0 | 96000 | 95848 | 99.84 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 32488581 | 27982856 | 86.13 |
| വികസന ഫണ്ട് (എസ്.സി.പി.) | 12388260 | 11353926 | 91.65 |
| വികസനഫണ്ട് (ടി.എസ്.പി) | 122308 | 93692 | 76.60 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 29973666 | 16397686 | 54.71 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4384000 | 2693878 | 61.45 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 29960000 | 640000 | 2.14 |
| തനത് ഫണ്ട് | 8927704 | 5033417 | 56.38 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 16181875 | 2131875 | 13.17 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 17139475 | 1729684 | 10.09 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 32544293 | 18154163 | 55.78 |
| മെയിന്റനൻസ് (നോൺ റോഡ്) | 11272800 | 8746699 | 77.59 |
| മറ്റുള്ളവ | 68218070 | 5659383 | 8.29 |
| ആകെ | 263756032 | 100657259 | 38.16 |

3) പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 267 | 204 | 71 | 195537962 | 94997876 | 48.58 |

4) ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ഖ3.1.1പ്രകാരം ആസൂത്രസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ആസൂത്രസമിതിയിൽ 15 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2022-23 വാർഷിക പദ്ധതി രൂപീകരണത്തിനായി 06.01.2022, 09.02.22, 06.06.22 എന്നീ തീയതികളിൽ യോഗം കൂടിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വർക്ക് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, വിവിധ വിഷയങ്ങളിലും മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക എന്നീ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി ആസൂത്രണസമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

5) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, വർക്കിംഗ് ഗ്രൂപ്പ്, വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ 15 വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2022-23 വർഷത്തിൽ രണ്ടു തവണ (20.05.22, 17.12.22 ) മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ (ഉദാ: ആരോഗ്യം, ദാരിദ്ര്യലഘൂകരണം ) യോഗം കൂടിയതായി കാണുന്നത്.

A) വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങളുടെ എണ്ണം | യോഗ തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| ആരോഗ്യം | 19 | 17.12.22 | 4 |
| വിദ്യാഭ്യാസം, സംസ്കാരം, യുവജനക്ഷേമം | 17 | 17.12.22 | 6 |
| പൊതുമരാമത്ത്, ഊർജ്ജം | 18 | 17.12.22 | 7 |
| ദാരിദ്ര ലഘൂകരണം | 15 | 07.12.22 | 7 |
| കൃഷി, മത്സ്യബന്ധനം അനുബന്ധമേഖലകളും | 16 | 07.12.22 | 8 |

B) ജൈവവൈവിധ്യമാനേജ്മെന്റ് ,കാലാവസ്ഥാവ്യതിയാനം,പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പ് ( ആകെ 17 അംഗങ്ങൾ) 2022-23 വർഷത്തിൽ കൂടിയതായി മിനിട്സ് ബുക്ക് പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. (7.12.22 തീയതിയിൽ 2 അംഗങ്ങൾ ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ചർച്ചയോ നിർദ്ദേശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.)

C) ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ മോണിറ്ററിംഗ് റിപ്പോർട്ട് കണ്ടെത്താൻ കഴിഞ്ഞില്ല.

D) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 12/14.11.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 07.12.22 | മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംരഭങ്ങൾ അനുവദിക്കുക | നെൽ കൃഷിവികസനം, ഒരു തദ്ദേശസ്ഥാപനം ഒരു ഉല്പന്നം, വനിതാസംരഭകർക്ക് ധനസഹായം എന്നീ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്. |
| 2 | വനിതാവികസനം | 07.12.22 | ജ്വാല പദ്ധതി മുഖേന സ്ത്രീകൾക്ക് തൊഴിൽ അധിഷ്ഠിത പരിശീലനങ്ങൾ സൗജന്യമായി നല്കുക | ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 137/23 -ജ്വാല സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവികസനവും സുരക്ഷയും എന്ന പദ്ധതിയിലൂടെ സ്ത്രീകൾക്ക് തൊഴിൽ അധിഷ്ഠിത പരിശീലനങ്ങൾ സൌജന്യമായി നല്കുക എന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്. |
| 3 | ആരോഗ്യം | 17.12.22 | കാരാക്കോട് ഹെൽത്ത് സെന്ററിന്റെ അടിസ്ഥാനസൗകര്യം വികസിപ്പിച്ച് പ്രവർത്തനയോഗ്യമാക്കുക | 2023-24 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് വകയിരുത്തി കാരാക്കോട് ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണം നടപ്പാക്കി വരുന്നുണ്ട് |

| | | | | |
|---|---|---|---|---|
| 4 | കൃഷികുടിവെള്ളം, ശുചിത്വം | 20.05.22 | തൊഴിലുറപ്പപദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കിണറുകളും സമ്പൂർണ്ണ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുക | തൊഴിലുറപ്പപദ്ധതിയിൽ ഉൾപ്പെടുത്തി സംമ്പൂർണ്ണ കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. |
| 5 | മൃഗസംരക്ഷണം ക്ഷീരവികസനം | 20.05.22 | മൊബൈൽ മൃഗചികിത്സാ സൗകര്യം ലഭ്യമാക്കുക | മൊബൈൽ മൃഗചികിത്സാ സൗകര്യം ലഭ്യമാക്കുക എന്ന നിർദ്ദേശം സാക്ഷാത്കരിക്കുന്നതിന് മുന്നോടിയായി ക്ഷീരകർഷകരുടെ പ്രധാന ആവശ്യമായ അനിമൽ ലിഫ്റ്റ് ഡിവൈസ് എന്ന ഉപകരണം 123/23 പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട്. |

6)സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതായി അറിയിച്ചെങ്കിലും, പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഗുരുതര പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 11/14.11.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | ആരോഗ്യം | അതീവ ഗുരുതരം | മാലിന്യനിർമ്മാർജ്ജനം ചെയ്യാനുള്ള സൗകര്യമില്ലായ്മ | ആരോഗ്യമേഖലയിൽ മാലിന്യനിർമ്മാർജ്ജനം ചെയ്യാനുള്ള സൗകര്യമില്ലായ്മ എന്ന പ്രശ്നം പരിഹരിക്കുന്നതിനായി ബയോ കമ്പോസ്റ്റ് ബിൻ, ഹരിത കർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തലും ഉപകരണങ്ങൾ വാങ്ങിനല്കലും ഹരിത കർമ്മ സേനയ്ക്ക് ഇലക്ട്രിക് വെഹിക്കിൾ വാങ്ങൽ, കമ്മ്യൂണിറ്റി സോക്ക്പിറ്റ്, 21 വാർഡുകളിലും മിനി MCF സ്ഥാപിക്കൽ, തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| 2 | ദാരിദ്രലഘൂകരണം | അതീവ ഗുരുതരം | ഭൂരഹിതരുടെ എണ്ണത്തിലുള്ള വർദ്ധനവ് | ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വസ്തുവാങ്ങൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| 3 | പട്ടികജാതി വികസനം | ഗുരുതരം | പട്ടികജാതി സങ്കേതങ്ങളുടെ ദയനീയാവസ്ഥ | പട്ടികജാതി വികസന മേഖലയിൽ പട്ടികജാതി സങ്കേതങ്ങളുടെ ദയനീയാവസ്ഥ എന്ന പ്രശ്നപരിഹാരത്തിനായി പട്ടികജാതിയിൽപ്പെട്ട അർഹരായ എല്ലാവർക്കും ലൈഫ് വാസ്തുവങ്ങൾ വീടിനുള്ള ആനുകൂല്യം എന്നിവ നൽകിയിട്ടുണ്ട്. |
| 4 | ശുചിത്വം | അതീവ ഗുരുതരം | വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ | ശുചിത്വം മേഖലയിൽ വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനം ഒരുക്കുക എന്ന പ്രശ്ന പരിഹാരത്തിനായി |

| | | | | |
|---|---|---|---|---|
| | | | സംവിധാനങ്ങൾ ഒരുക്കുന്നില്ല | ഹരിതകർമ്മസേനയെ വിന്യസിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ട്. ഇവിടെ നിന്ന് ശേഖരിക്കപ്പെടുന്ന ലെഗസി മാലിന്യങ്ങൾ ക്ലീൻകേരള കമ്പനിക്ക് കൈമാറുന്നതിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നിർവ്വഹണത്തിൽ 172/23 എന്ന പദ്ധതി ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്. |
| 5 | സാമൂഹ്യനീതി | അതീവ ഗുരുതരം | സ്കൂൾ കേന്ദ്രീകരിച്ച് മയക്കമരുന്ന മാഫിയ | സാമൂഹ്യനീതി മേഖലയിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് മയക്കമരുന്ന് മാഫിയ എന്ന പ്രശ്നം പരിഹാരത്തിനായി പഞ്ചായത്തിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും യോഗ നിർദേശങ്ങൾക്കനുസരിച്ച് മയക്കമരുന്ന് വിൽപ്പന നടത്തുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതിനും അടിയന്തിരമായി അടച്ചുപൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് ഉദ്യോഗസ്ഥർ, ICDSസൂപ്പർവൈസർ എന്നിവർ മുഖാന്തിരം സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. |

7) ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

8) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയയായി മറുപടി നല്കിയെങ്കിലും ലഭ്യമാക്കിയിട്ടില്ല.

9) വായ്പ

പദ്ധതി മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും വ്യക്തമായ തീരുമാനം കൈകൊണ്ടിട്ടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്.

10) തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

പദ്ധതി മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

11) കുടുംബശ്രീ

പദ്ധതി മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

12) നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

13) CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

14) ആസ്തി സംരക്ഷണ പദ്ധതി

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. റോഡ്,റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ഉതകുന്ന വിധത്തിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് കൊണ്ടും പദ്ധതിപ്പണം പൂർണ്ണമായി ഉപയോഗിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-6 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷക തൊഴിലാളി പെൻഷൻ | 3682000 | 267 |
| വിധവാ പെൻഷൻ | 20000600 | 1676 |
| വാർധക്യകാല പെൻഷൻ | 41274400 | 3691 |
| വികലാംഗ പെൻഷൻ | 5837700 | 427 |
| വിവാഹ ധനസഹായം | 690000 * | 23 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 787400 | 58 |

* പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-6-1 സാമൂഹിക സുരക്ഷ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം

സാമൂഹ്യസുരക്ഷ പെൻഷന് അപേക്ഷ ലഭിച്ചാൽ നിശ്ചിതസമയത്തിനകം അപേക്ഷയിൻമേൽ തീരുമാനം ഉണ്ടാകേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി തീർപ്പുണ്ടായിട്ടില്ലാത്തതാണ്. ആയതിന് 15.11.2023 തീയതിയിൽ നൽകിയിട്ടുള്ള 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഭാവയിൽ അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| രജിസ്റ്ററിലെ ക്രമ നമ്പർ | ഇനം | അപേക്ഷ നമ്പർ. സ്വീകരിച്ച തീയതി | പഞ്ചായത്തിൽ കമ്മിറ്റിയ്ൽ വച്ച തീയതി | അപേക്ഷയിൻ മേൽ തീർപ്പു കൽപ്പിക്കുന്നതിന് എടുത്ത ദിവസം |
|---|---|---|---|---|
| 7 | IGNDP | 915/10.05.22 | 16.08.22 | 98 |
| 127 | NOP | 1131/18.05.22 | 19.08.22 | 93 |
| 66 | NWP | 3847/31.08.22 | 11.01.23 | 133 |
| 56 | NWP | 3239/04.08.22 | 01.11.22 | 89 |

സാമൂഹ്യസുരക്ഷ പെൻഷനുകൾക്കായി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2023 തീയതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14472 /-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ലോൺ രജിസ്റ്റർ, ഡെപോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. വായ്പാ രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി കാലികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3)വാങ്ങലുകൾ,സ്റ്റോക്ക് പരിപാലനം എന്നിവയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
4) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് യഥാസമയം പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

5) ബഡ്ജറ്റ് യഥാർത്ഥ വരവു ചെലവു കൾക്കനുസൃതമായി തയ്യാറാക്കുന്നതിനും ബഡ്ജറ്റിന് അനുസൃതമായി ചെലവ് ക്രമീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
6) എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുവെന്നും, എല്ലാ പദ്ധതി ചെലവുകളും പ്രോജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുവെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1983 | 2204322 | 2206305 | 99702 | 1992164 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 85472000 | 85472000 | 85472000 | 0 |
| ആകെ | 1983 | 87676322 | 87678305 | 85571702 | 1992164 |

- നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

-ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന തുക , ഭരണചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള ആകെ തുകകൾ ഇൻകം ആന്റ് എക്സ്പൻഡിച്ചർ (I6) സ്റ്റേറ്റ്മെന്റിലാണ് രേഖപ്പെടുത്തുന്നത്. എന്നാൽ I6 പ്രകാരമുള്ള വരവ് , I14(C,F) എന്നിവയിലെ ചെലവുതുകകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകത പരിഹരിക്കേണ്ടതാണ്.

2022-23 വർഷത്തിൽ MGNREGS വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കും പ്രകാരം ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം നം. 1 തീയതി 09.11.2023).

1) 2022-23 ൽ വിഭാവന ചെയ്ത പദ്ധതികൾ – 1476

2) ടി പദ്ധതികളിൽ പൂർത്തിയാക്കിയവരുടെ എണ്ണം – 231

3) 2022-23 ൽ വിതരണം ചെയ്ത തൊഴിൽ കാർഡുകൾ – 199

4) 2022-23 ൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ – 267694 (സ്ത്രീ – 235812, പുരുഷൻ – 31882)

5) 2022-23 ൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം – 4128

6) 2022-23 ൽ 100 തൊഴിൽ ദിനം പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം – 704

7) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽരഹിത വേതനം കൊടുത്ത വിവരം – ഇല്ല

8) 2022-23 ൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികളുടെ മൂല്യം – 1891250/- രൂപ (നടപ്പാതകൾ)

9) സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരം – 2023 മാർച്ച് വരെ

10) പദ്ധതികൾ സംബന്ധിച്ച വിവരം

| ക്രമ നം. | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | 181 | 778.01 ലക്ഷം |
| 2 | വരൾച്ച, തടയൽ, വനവൽകരണം | 21 | 27.4 ലക്ഷം |
| 3 | പരമ്പരാഗസ ജല സ്രോതസുകളുടെ പുനരുദ്ധാരണം | 5 | 10.9 ലക്ഷം |
| 4 | നടപ്പാത | 34 | 27.11 ലക്ഷം |

| | | | |
|---|---|---|---|
| 5 | വ്യക്തിഗത ആസ്തികൾ | 11 | 11.29 ലക്ഷം |

11) അഡ്വാൻസായി ലഭിച്ച തുക – 3992904/-
തിരികെ നൽകിയ തുക – ഇല്ല
ബാലൻസ് തുക – 3992904/-.
12) ലൈഫ് ഭവന പദ്ധതിക്കായി ലഭ്യമാക്കിയ മനുഷ്യദിനങ്ങൾ – 1141/-

## 1-9-1 MGNREGS – ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92 (എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ MGNREGS, നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്ക് സൂക്ഷിക്കുകയോ വരവ് ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ മാസാന്ത്യ / വർഷാന്ത്യ റീക്കൺസീലിയേഷൻ നടത്തുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവുകൾ, EFMS വഴിയുള്ള ഫണ്ടിന്റെ വരവ് ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17.05.2022മുതൽ 24.05.2022 വരെ | 01.01.2021 മുതൽ 31.03.2022 വരെ | 06.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2019 മുതൽ 17.01.2019 വരെ | 2013-14 മുതൽ 2017-18 വരെ | 08.02.2019 |

## 1-11 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ പനയംകോട്,കട്ടയ്ക്കോട്,
കാട്ടാക്കട ,ഊങ്ങാംപാറ എന്നീ വാർഡുകളിലെ ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്,ഡോർ നമ്പർ | പേര് | ഉപയോഗം | ഏരിയ |
|---|---|---|---|
| 1/302 | ഷഹാന.എ. എസ്, അമീൻഷാ മൻസിൽ | പാർപ്പിടാവശ്യം | 158 M2 |
| 2/38 | മൈക്കേൽ, ജോസ് മൻസിൽ | | 79.4 M2 |
| 4/505 | അമീർജാൻ, ഫാത്തിമ | | 60 M2 |
| 16/365 | കമലമ്മ, തോട്ടരികത്ത് വീട് | | 130 M2 |

പ്രസ്തുത കെട്ടിടങ്ങൾക്ക് 2000 ത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം വസ്തുനികുതി ചുമത്താത്ത കെട്ടിടം/വസ്തു നികുതി

ഒഴിവാക്കപ്പെട്ട /60 ച മീറ്റർ ന താഴെ ആയതിനാലാണ് ടി കെട്ടിടങ്ങൾ നിലവിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതെന്നും ടി കെട്ടിടങ്ങൾക്ക് എന്തെങ്കിലും ഘടനപരമായ മാറ്റം വന്നിട്ടുണ്ടോ എന്ന് ഫീൽഡ് പരിശോധന നടത്തുന്നതാണെന്ന് 13.11.2023 തീയതിയിൽ ഓഡിറ്റ്അന്വേഷണം 4 ന് മറുപടി നൽകിയിട്ടുള്ളതാണ്.തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 22.3.2023 ലെ സ.ഉ.(കൈ)നം.77/2023/എൽ.എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനായി ഫീൽഡ്തല പരിശോധന ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും നടത്തി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് തനതു വരുമാന വർദ്ധനയ്ക്കായുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ അസ്സസ്മെന്റ് രജിസ്റ്ററിൽ കട്ടയ്ക്കോട്,കാട്ടാക്കട വാർഡുകളിലെ 1 മുതൽ 500 വരെയുള്ള കെട്ടിടങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

വാർഡ് 2 കട്ടയ്ക്കോട്

| മുതൽ | വരെ | ആകെ |
|---|---|---|
| 10 | 10 | 1 |
| 162 | 162 | 1 |
| 460 | 461 | 2 |
| ആകെ | | 4 |

വാർഡ് 4 കാട്ടാക്കട

| മുതൽ | വരെ | ആകെ |
|---|---|---|
| 71 | 71 | 1 |
| 165 | 165 | 1 |
| 167 | 167 | 1 |
| 271 | 271 | 2 |
| ആകെ | | 5 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/13.11.2023-ന്, മറുപടി ലഭ്യമാക്കിയിട്ടില്ല.വാർഡ്തലത്തിൽ പരിശോധന നടത്തി ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവർ - വസ്തുനികുതി രൂപ 174756 ഈടാക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ വിവിധ വർഷങ്ങളിലെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | മുതൽ | വരെ | കുടിശ്ശിക | തുക |
|---|---|---|---|---|---|---|
| | 2/701 | ഭാരതി ഇൻഫോട്ടെൽ ലി. | 2011 | 2012 Ist | 1430 | 39738 |
| | | | 2011 | 2012 IInd | 1429 | |
| | | | 2012 | 2013 1st | 1430 | |
| | | | 2012 | 2013 IInd | 1429 | |
| | | | 2013 | 2014 1st | 3402 | |
| | | | 2013 | 2014 IInd | 3402 | |
| | | | 2014 | 2015 1st | 3402 | |
| | | | 2014 | 2015 IInd | 3402 | |
| | | | 2015 | 2016 1st | 3402 | |

| | | | | | | |
|---|---|---|---|---|---|---|
| | | | 2015 | 2016 11nd | 3402 | |
| | | | 2016 | 2017 1st | 3402 | |
| | | | 2016 | 2017 11nd | 3402 | |
| | | | 2017 | 2018 1st | 3402 | |
| | | | 2017 | 2018 11nd | 3402 | |
| | | റിലയൻസ് ടവർ | 2012 | 2013 1st | 102 | |
| | 3/751 | | 2012 | 2013 11nd | 103 | 3607 |
| | | | 2013 | 2014 1st | 3402 | |
| | | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലി. | 2009 | 2010 1st | 171 | |
| | | | 2009 | 2010 11nd | 170 | |
| | | | 2010 | 2011 1st | 171 | |
| | | | 2010 | 2011 11nd | 170 | |
| | | | 2011 | 2012 Ist | 171 | |
| | | | | | | |
| | | | 2011 | 2012 11nd | 170 | |
| | | | 2012 | 2013 1st | 171 | |
| | | | 2012 | 2013 11nd | 170 | |
| | 7/448 | | 2013 | 2014 1st | 3072 | 32079 |
| | | | 2013 | 2014 11nd | 3071 | |
| | | | 2014 | 2015 1st | 3072 | |
| | | | 2014 | 2015 11nd | 3071 | |
| | | | 2015 | 2016 1st | 3072 | |
| | | | 2015 | 2016 11nd | 3071 | |
| | | | 2016 | 2017 1st | 3072 | |
| | | | 2016 | 2017 11nd | 3071 | |
| | | | 2017 | 2018 1st | 3072 | |
| | | | 2017 | 2018 11nd | 3071 | |
| | 8/175 | റിലയൻസ് ഇൻഫർട്ടൺ ലി. | 2020 | 2021 11 Nd | 1417 | 1417 |
| | 12/450/A | മാനേജർ ഇനഡസ് ടവേഴ്സ് ലി. | 2013 | 2014 1st | 8777 | |
| | | | 2013 | 2014 11nd | 8777 | 87770 |
| | | | 2014 | 2015 1st | 8777 | |

| | | | | | | |
|---|---|---|---|---|---|---|
| | | | 2014 | 2015 11nd | 8777 | |
| | | | 2015 | 2016 1st | 8777 | |
| | | | 2015 | 2016 11nd | 8777 | |
| | | | 2016 | 2017 1st | 8777 | |
| | | | 2016 | 2017 11nd | 8777 | |
| | | | 2017 | 2018 1st | 8777 | |
| | | | 2017 | 2018 11nd | 8777 | |
| | 12/646 | ബി എസ് എൻ എൽ | 2011 | 2012 11nd | 1191 | 2382 |
| | | | 2012 | 2013 1st | 1191 | |
| | | എ റ്റി സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പി ലി | 2022 | 2023 1st | 3882 | 7763 |
| | | | 2022 | 2023 11nd | 3881 | |
| ആകെ | | | | | | 174756 |

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ നികുതി കുടിശ്ശിക ഉള്ള ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി എല്ലാ ഉടമകൾക്കും ഡിമാന്റ് നോട്ടീസ് അയക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഉൾപ്പടെയുള്ള നികുതി തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് 17.11.2023 ന് നൽകിയിട്ടുള്ള 13ാം നമ്പർ ഓഡിറ്റ്അന്വേഷണത്തിന് മറുപടി നൽകിയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയത്തിൽ കുറവ് - ഡേറ്റാ പ്യൂരിഫിക്കേഷൻ അനിവാര്യം

കാട്ടാക്കട പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനത്തിന്റെ വസ്തുനികുതി വിവരങ്ങൾ അസ്സ്സ്മെന്റ് രജിസ്റ്റർ പ്രകാരം ച.മീറ്ററിന് കുറഞ്ഞ നിരക്കാണ് ചേർത്തിട്ടുള്ളത്.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡോർ നമ്പർ | സബ് നമ്പർ | ഫോളർ ഏരിയ | കെട്ടിട ഉപയോഗം | അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള റേറ്റ് | 2022-2023 സാമ്പത്തക വർഷം ഈടാക്കിയ തുക | സഞ്ചയയിലെ പ്രോപർട്ടി റേറ്റ് സെറ്റിംഗ്സിൽ ചേർത്തിട്ടുള്ള റേറ്റ് | ഈടാക്കേണ്ടിരുന്ന റേറ്റ് 5% എൽ സി ഉൾപ്പടെ | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 82 | B | താഴത്തെ നില (262.23ച മീ), ഒന്നാം നില (262.23ച മീ) ആകെ 524.46 | വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 | 29740/- | 60 | 33040/- | 3300/- |

ഇപ്രകാരം കുറഞ്ഞനിരക്കിൽ വസ്തുനികുതി ഈടാക്കിയതിന് 17.11.2023ന് 23 ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിട്ടുള്ളതിൽ സഞ്ചയപ്രകാരം 100 ച.മീറ്റർ താഴെ വിസ്തീർണ്ണമുള്ള കെട്ടിടമായാണ് പ്രസ്തുത കെട്ടിടത്തെ ചേർത്തിരിക്കുന്നതെന്നും ഡേറ്റാ എൻട്രിയിൽ സംഭവിച്ചിട്ടുള്ള പിശക് തിരുത്തി പ്രസ്തുത കെട്ടിടം 200 ച.മീറ്റർ മുകളിൽ ഉള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി ടാക്സ് റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും എന്ന് മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. സമയക്ലിപ്തത കാരണം കാട്ടാക്കട വാർഡിലെ ചില കെട്ടിടങ്ങളുടെ പരിശോധന മാത്രമാണ്

ഓഡിറ്റന് നടത്തുവാൻ സാധിച്ചിട്ടുള്ളത് . ആകയാൽ എല്ലാ കെട്ടിടങ്ങളുടെയും അസ്സസ്സ്മെന്റ് രജിസ്റ്ററിലുള്ള വിവരങ്ങളിൽ

മേൽ പഞ്ചായത്ത് പരിശോധന നടത്തി തിരുത്തലുകൾ വരുത്തുവാനുണ്ടെങ്കിൽ ആയത് വരുത്തി വസ്തു നികുതി നിർണ്ണയം കൃത്യമാക്കി വരുമാനച്ചോർച്ച തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വാടക കുടിശ്ശിക രൂപ 114048/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു.

കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ രജിസ്റ്റർ ഓഫ് റെന്റെഡ് ബിൽഡിംഗ്സ് പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക ലഭിക്കാനുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | സാമ്പത്തിക വർഷം | പ്രതിമാസ വാടക | ജി എസ് ടി | പ്രതിവർഷ വാടക |
|---|---|---|---|---|
| ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് | 2021-2022 | 4415 | 221 | 55632 |
| | 22-2023 | 4636 | 232 | 58416 |
| **ആകെ** | | | | **114048** |

വാടക ഈടാക്കാത്തതിന് 16.11.2023 തീയതിയിൽ നൽകിയിട്ടുള്ള 10 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വാടക തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കും എന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. വാടകയിനത്തിൽ കുടിശ്ശികയായ 114048/- രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, ലൈബ്രറി സെസ്സ് കുടിശ്ശികയിനത്തിൽ 2022-23 വാർഷിക കണക്കുകൾ പ്രകാരം 1,908,459/- രൂപ പിരിച്ചെടുക്കാനുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ലഭിച്ച ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Ward No. | Door No. | Sub No. | Owner Details | Arrear Total |
|---|---|---|---|---|---|
| 1 | 1 | 414 | | G BABU(B R B COTTAGE, MYLEKKONAM) | 16215 |
| 2 | 1 | 414 | A | G. BABU(B.R.B COTTAGE, MYLAKONAM KILLY KALLODU P.O), RAJI SAROJAM(B.R.B COTTAGE, MYLAKONAM KILLY KALLODU P.O) | 19190 |
| 3 | 1 | 272 | A | THE SECRATARY DIST. COMMITHY THIRUVANATHAPURAM(C PI (M) PANAYAMCODE, KILLY KOLLODU PO) | 4027 |
| 4 | 1 | 414 | B | G. BABU(B.R.B COTTAGE,MYLAKONAM KILLY KALLODU P.O), RAJI SAROJAM(B.R.B COTTAGE, MYLAKONAM KILLY KALLODU P.O) | 5888 |
| 5 | 2 | 106 | | BEN ALEX(SATHYANATH BUILDING, KATTAIKKODU, 9400285818(Mobile)) | 6804 |
| 6 | 2 | 211 | A | GABRIYAL.D (KOTTAMKUZHI THADATHARIKATHU VEEDU, KATTAKODE.P.O, 9567082093(Mobile)), RAJAMMA.R (KOTTAMKUZHI THADATHARIKATHU VEEDU,KATAKODE.P.O) | 11917 |
| 7 | 3 | 446 | A | SHAHEERUDEEN(A.M.HOUSE,BURMA ROAD, KILLY, KOLLODE P.O, 9846172225(Mobile)) | 17559 |
| 8 | 3 | 446 | B | SHAHEERUDEEN (A.M.HOUSE, BURMA ROAD, KILLY, KOLLODE P.O, 9846172225(Mobile)) | 32836 |
| 9 | 3 | 446 | C | SHAHEERUDEEN (A.M.HOUSE, BURMA ROAD, KILLY, KOLLODE P.O,9846172225(Mobile)) | 27201 |
| 10 | 3 | 451 | B | BASHEER.M(SURYA PLAZA, ETTIRUTHY, KATTAKADA.P.O,Kattakada P.O.,695572,9846025050(Mobile)) | 90171 |
| 11 | 3 | 451 | C | BASHEER.M(SURYA PLAZA, ETTIRUTHY,KATTAKADA.P.O,Kattakada P.O.,695572,9846025050(Mobile)) | 49896 |
| 12 | 3 | 451 | D | Basheer.M (SURYA PLAZA, ETTIRUTHY, KATTAKADA.P.O, Kattakada P.O.,695572, 9846025050(Mobile)) | 56210 |
| 13 | 4 | 810 | | Police Station(Kattakada,4712290223(Mobile)) | 8997 |

| | | | | | |
|---|---|---|---|---|---|
| 14 | 4 | 829 | | Sub Group Officer(Devaswam Board,Neyyattinkara) | 31656 |
| 15 | 5 | 524 | B | PRASAD. K.S (KOLLANKONATHU PUTHEN VEEDU, CHANRAMANGALAM , AMACHAL P.O) | 6658 |
| 16 | 5 | 525 | | Viswanathan Nadar(Kollakonathu Puthenveedu) | 5980 |
| 17 | 7 | 477 | A | L.Y.JUSTIN(A.J.COTTAGE, KUCHAPPURAM,AMACHAL.P.O, 9847945013(Mobile)) | 15890 |
| 18 | 7 | 499 | | K G Dushanthan(Krishnalayam,9744356223(Mobile)) | 6810 |
| 19 | 7 | 625 | | Manikkuttan(Oomavilakathu Veedu, Mangalakkal Ambalathinkala P.O.) | 6300 |
| 20 | 8 | 376 | B | SANTHOSH BABY(SATHYAM BHAVAN,AMACHAL, AMACHAL.P.O., 9447552277(Mobile)),<br>RINI LOVELY(SATHYAM BHAVAN,AMACHAL, AMACHAL.P.O., 9744473797(Mobile)) | 53072 |
| 21 | 14 | 74 | C | VIPIN RAJ.R(NEW STAR,CHARUPARA,KATTAKADA) | 11900 |
| 22 | 14 | 468 | A | SABU(MANGALAVILASAM, CHEMBRAKONAM, KATTAKADA), BEENA (MANGALAVILASAM, CHEMBRAKONAM,KATTAKADA) | 9710 |
| 23 | 16 | 668 | E | ATC TELECOM INFRASTRUCTURE PVT LTD (CHERAMANGALATH HOUSE, SHENOY ROAD, CHOCHIN, KALOOR PO P.O.,682017) | 7726 |
| 24 | 17 | 230 | | Bsnl Officer(Telephone Exchange,Kattakada) | 97184 |
| 25 | 17 | 231 | | Bsnl Officer(Telephone Exchange,Kattakkada,Kattakada P.O.,695572) | 7980 |
| 26 | 17 | 250 | | Syamprasad(Mani Bhavan,Kattakada,Kattakada P.O.,695572) | 6395 |
| 27 | 17 | 1011 | A | SHANEER SALAM(MADEEN MANZIL,KILLI,KOLOODE.P.O) | 6480 |
| 28 | 18 | 263 | | General Manager(Mini Industrial,Oonnanpara,9388885132(Mobile)) | 11600 |
| 29 | 18 | 267 | A | GENERAL MANAGER(District Industries Office,Thiruvananthapuram) | 8230 |
| 30 | 18 | 267 | B | Managing Director(Thiruvananthapuram Mini Industrial Estate Co.operative Society Ltd (No.3) 298) | 9870 |
| 31 | 18 | 268 | | General Manager(Mini Industrial,Oonnanpara) | 8980 |
| 32 | 18 | 269 | | General Manager(Mini Industrial,OONNAMPARA,Kattakada P.O.,695572) | 22166 |
| 33 | 18 | 271 | | General Manager(Mini Industrial) | 14120 |
| 34 | 18 | 273 | | General Manager(Mini Industrial) | 8120 |
| 35 | 19 | 145 | B | SUDHEERA BEEVI(KADAYARAVILAKATHU VEEDU,KILLY, KOLLODE.P.O) | 11653 |
| 36 | 19 | 346 | H | KAMALAM(CHANRA VILAASM,K.RA27, KANCHIYOORKONAM, KATTAKADA) | 55050 |
| 37 | 19 | 346 | J | ABHILASH CHANDRAN.R(SHREDHAVATHY, NAAGARKAVU LANE, ETTIRUTHY, KATTAKODE.P.O, KATTAKADA, 9605294059(Mobile)) | 5205 |
| 38 | 19 | 346 | L | KAMALAM(CHANDRAVILASAM, KRA27, KANCHIYOORKONAM, KATTAKADA.P.O) | 125092 |
| 39 | 20 | 152 | A | HAREESH CHANDRAN.R (CHANDRAVILASM, KRA.27, KATTAKADA,9020120120(Mobile)), ARCHANA.G.KRISHNA (CHANDRAVILASM, KRA.27, KATTAKADA, 9020120120(Mobile)) | 9234 |
| 40 | 20 | 182 | | YASODHA(SINI BHAVAN,POTTANKAVU) | 6939 |
| 41 | 20 | 474 | | SUNIL GEORGE UMMAN(MELAM PARAMBIL, PODIYADI THIRUVALLA) | 14516 |
| 42 | 20 | 475 | | SUNIL GEORGE UMMAN(SUNIL STEEL MELAM PARAMBIL, PODIYADI THIRUVALLA) | 6086 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/16.11.2013) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഉള്ള എല്ലാ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും അടിയന്തിരമായി അരിയർ ഡിമാൻഡ് നോട്ടീസ് നൽകുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുമായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ ആരംഭിക്കുന്നതാണെന്നും കുടിശ്ശിക പൂർണമായും ഒടുക്കാത്തവർക്കെതിരെ ജപ്തി, പ്രോസിക്യൂഷൻ, റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രസ്തുത നടപടികൾ വേഗത്തിലാക്കി വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-17 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല.

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ Rule 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI G2, I ഒക്യുപൻസികൾ ഒഴികെ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിന് അധികാരം ഉണ്ട്. 20.11.2023 ൽ 27 ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തനതു വരുമാനം ചോർച്ച തടയുന്നതിന് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കാർഷിക ലേബർ ബാങ്ക് പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 289/22-23, കാർഷിക ലേബർ ബാങ്ക് |
| അടങ്കൽ തുക | 1000000/- (വികസന ഫണ്ട് – 601858/-,<br>തനത് ഫണ്ട് – 398142) |
| ചെലവ് തുക | 705747/- (വികസന ഫണ്ട് – 601858/-,<br>തനത് ഫണ്ട് – 103889) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

തിരുവനന്തപുരം ജില്ല പഞ്ചായത്തും, കാട്ടാക്കട ഉൾപ്പടെ 10 ഗ്രാമ പഞ്ചായത്തുകളും ചേർന്ന് തുക വകയിരുത്തി തിരുവനന്തപുരം ജില്ല പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് കാർഷിക ലേബർ ബാങ്ക്. ഇതിലേക്ക് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരും പഞ്ചായത്തടിസ്ഥാനത്തിൽ തിരഞ്ഞെടുത്തു പരിശീലനം നൽകി രജിസ്റ്റർ ചെയ്യുന്നു. പഞ്ചായത്തു പരിധിയിലുള്ള കൃഷിയിടങ്ങളിൽ ഇവരുടെ സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ട് കാർഷികമേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് കൃഷിയിടത്തിൽ നിന്നും ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കുകയും, അതുവഴി കർഷകർക്ക് വരുമാനവർദ്ധനവ് ഉണ്ടാകുകയും കാർഷികമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് 13.11.2023 ന് നൽകിയിട്ടുള്ള ഓഡിറ്റ് അന്വഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. ആയത് പരിശോധിച്ച് പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നടത്തിപ്പിന് ജില്ല പഞ്ചായത്ത് ആസ്ഥാനമായി Agricultural Labourers Farming & Social Welfare Co-Operative Society Ltd എന്ന സഹകരണസ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തുകളിൽ നിന്നും ലേബർ ബാങ്കിലേക്ക് തിരഞ്ഞെടുക്കുന്നവർ പ്രസ്തുത സ്ഥാപനത്തിന്റെ ഷെയർ ഉടമകളായാണ് പ്രവർത്തിക്കുന്നത്. എന്നാൽ ജില്ല പഞ്ചായത്തും ഗ്രാമപഞ്ചായത്തും ജില്ല പഞ്ചായത്ത് ആസ്ഥാനമായിപ്രവർത്തിക്കുന്ന Agricultural Labourers Farming & Social Welfare Co-Operative Society Ltd എന്ന സഹകരണസ്ഥാപനവും തമ്മിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ ഭാഗമായി Agricultural Labourers Farming & Social Welfare Co-Operative Society Ltd എന്ന സ്ഥാപനത്തിന് കാർഷിക ഉപകരണങ്ങൾ കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ ടി സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നു. എന്നാൽ 14 -ാം പദ്ധതി മാർഗ്ഗരേഖ (3.5.4 (5)) പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിന് മുൻപ് ഒരു കരാറിൽ ഏർപ്പെടേണ്ടതായുണ്ട്. ഇപ്രകാരം ഒരു കരാറിന്റെ അഭാവത്തിൽ ലേബർ ബാങ്കിന്റെ തുടർപ്രവർത്തനങ്ങൾ, ധനവിനിയോഗം എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തെന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പ്രസ്തുത അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ലേബർ ബാങ്കുകളിൽ അംഗമായവർക്ക് ഉപയോഗിക്കുന്നതിന് പവർടില്ലർ ഉൾപ്പെടെ നിരവധി കാർഷിക ഉപകരണങ്ങൾ പ്രോജക്ടിന്റെ ഭാഗമായി വാങ്ങി കൈമാറിയിട്ടുള്ളതാണ്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പവർ ടില്ലർ മഴയും വെയിലും ഏൽക്കാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-19 തനതു വരുമാന ശേഖരണം- അവലോകനം

ഗ്രാമപഞ്ചായത്ത് തലത്തിലുള്ള തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ തനത് വരുമാനങ്ങളുടെ വർദ്ധനവ് പുതിയ വരുമാന ശ്രോതസ്സുകളുടെ കണ്ടെത്തൽ, വസ്തുനികുതി തൊഴിൽ നികുതി എന്നിവയുടെ ഈടാക്കൽ പുതിയധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തൽ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ ലഭ്യമാക്കുന്നതിന് 09.11.2023 തീയതിയിൽ നൽകിയ 2ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള മറുപടിയുടെ സംക്ഷിപ്തവും അതിൻ മേലുള്ള ഓഡിറ്റ് അഭിപ്രായങ്ങളും ചുവടെ ചേർക്കുന്നു.

**1. തനത് വരുമാനം**

പഞ്ചായത്തിന്റെ പ്രധാന തനത് വരുമാന ശ്രോതസ്സ് കെട്ടിടനികുതിയാണ്. കെട്ടിടങ്ങൾ നിന്നുള്ള വാടകയും തനത് വരുമാന ശ്രോതസ്സിൽ ഉൾപ്പെടുന്നു. 100 ശതമാനം വസ്തു നികുതി പിരിവ് ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് പഞ്ചായത്ത് കൈക്കൊള്ളുന്നത് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളതെങ്കിലും മൊബൈൽടവറിൽ നിന്നുള്ള വസ്തു നികുതിയായി 174756/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. മറ്റ് തനത് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27/04/2023ലെ 1(1) നമ്പർ തീരുമാനപ്രകാരം വിശദമായി ചർച്ച ചെയ്യുകയും വിശദമായ ശുപാർശ ഭരണസമിതിക്ക് നൽകുകയും ചെയ്തിട്ടുണ്ട് 01.04.2023 മുതൽ നടപ്പിലാക്കേണ്ടിയിരുന്ന നികുതി പരിഷ്കരണം നടപ്പിലാക്കുവാൻ നാളിതുവരെ സാധിച്ചിട്ടില്ല.നികുതി പരിഷ്കരണ നടപടികൾ എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കോള്ളേണ്ടതാണ്.

**3. തൊഴിൽ നികുതി**

പഞ്ചായത്ത് പരിധിയിൽ വരുന്ന അഭിഭാഷകർ, ഡോക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായാണ് 09.11.23 തീയതിൽ നൽകിയിട്ടുള്ള 2 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തനം നടത്തുന്ന അഭിഭാഷകർ, ഡോക്ടർമാർ എന്നിവരുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ദിനങ്ങൾ പ്രവർത്തി ചെയ്തിട്ടുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതു ഈടാക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

തനതുവരുമാന വർദ്ധനവിന് സാധ്യമായ നടപടികൾ ബന്ധപ്പെട്ട കമ്മിറ്റികളുടെ തീരുമാനങ്ങൾ എന്നിവ സമയക്രമം അനുസരിച്ചും നിയമാനുസൃതമായും കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല.

| ഇനം | തുക (2022-23) | തുക (2021-22) |
|---|---|---|
| Advances To Others | 98266 | 98266 |
| Advance To Implementing Officers | 740750 | 740750 |

മുൻകൂറുകൾ ക്രമീകരിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ 3 മാസകാലയളവിനുള്ളിൽ ക്രമീകരിക്കണമെന്നിരിക്കേ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ചതിന്റെയും അടവാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്യാതെ തുക അനുവദിക്കുന്നു.

പ്രോജക്ട് നമ്പർ - (191/23)

പ്രോജക്ടിന്റെ പേര് – പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

അടങ്കൽ : 500,000/- (എസ്.സി.പി)

ചെലവ് വിവരം – Bill No. 9/24.01.23 തുക 500,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം പദ്ധതിയിൽ Pazhoor Ideal Systems Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം 283/22-23 തീ. 17.01.23 പ്രകാരം 14 Laptops വാങ്ങിയിട്ടുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (32/21.11.23) ഉറവിടത്തിൽ കുറവ് ചെയ്ത് ഒടുക്കാത്തത് സാങ്കേതികമായി വീഴ്ചയാണെങ്കിലും സർക്കാരിന് ധനനഷ്ടം സംഭവിച്ചിട്ടില്ലായെന്നും (ഒടുക്കിയ തുക GST റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ടിയാന് തിരികെ ലഭിക്കും) ആയതിനാൽ ഒഴിവാക്കണമെന്നും മറുപടി നല്കിയിരിക്കുന്നു. ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടത് നിയമപരമായ ബാധ്യത ആയതിനാൽ ആയത് ബില്ലിൽ നിന്ന് കുറവ്

ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിതരണം ചെയ്തിട്ടില്ല - 38200/-രൂപ തടസ്സപ്പെടുത്തുന്നു**

പ്രോജക്റ്റ് നമ്പർ - (13/23)

പ്രോജക്റ്റിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

അടങ്കൽ : 79152 (എസ്.സി.പി)

20848 (തനത് ഫണ്ട്)

ചെലവ് വിവരം – Bill No. 3/07.05.22 തുക 76400/- (എസ്.സി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം പദ്ധതിയിൽ കിള്ളി വാർഡിലെ കൈതക്കോണം തെക്കുംകര പുത്തൻവീട്ടിലെ കെ.എൻ നിധിൻ കുമാർ പഠിക്കുന്ന സ്ഥാപനത്തിന്റെ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ലാപ്പ്ടോപ്പ് കൈമാറിയിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. അർഹത നിർണ്ണയിക്കാതെ ലാപ്പ്ടോപ്പ് വാങ്ങാനുണ്ടായ സാഹചര്യവും ലാപ്പ്ടോപ്പ് വിതരണം ചെയ്യാതിരുന്നതിന്റെ കാരണവും വ്യക്തമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (29/20.11.23) ടിയാൻ 21-22 വർഷത്തെ പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്കുള്ള ലാപ്പ്ടോപ്പ് വിതരണം പദ്ധതിയിൽ ഉൾപ്പെടുകയും കോഴ്സ് സാക്ഷ്യപത്രം ഒഴികെയുള്ള രേഖകൾ സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ UIT, Principal 16.05.22ന് നൽകിയ കത്തിൽ ടിയാൻ കോഴ്സ് ഡിസ്കണ്ടിന്യൂ ചെയ്യുന്നുവെന്നറിയിച്ചതിനാലാണ് ലാപ്പ്ടോപ്പ് നൽകാത്തതെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഉപയോഗിക്കാതെ സൂക്ഷിക്കുന്ന ഇലക്ട്രോണിക് സാധനങ്ങൾ കാലക്രമേണ ഉപയോഗശൂന്യമാവും. ലാപ്പടോപ്പിന്റെ വിലയായ 38200/- രൂപ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. അർഹതയുള്ള ഗുണഭോക്താവിന് ലാപ്പ്ടോപ്പ് വിതരണം ചെയ്ത് വിവരം അറിയിച്ച് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

**1-23 മൈക്രോപ്ലാൻ തയ്യാറാക്കൽ - പദ്ധതി തുക ചെലവഴിച്ചിട്ടില്ല.**

പ്രോജക്റ്റ് നമ്പർ - (266/23)

പ്രോജക്റ്റിന്റെ പേര് – ആശ്രയ പദ്ധതി മൈക്രോപ്ലാൻ തയ്യാറാക്കൽ

അടങ്കൽ : 25,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

അതിദാരിദ്ര്യ സർവ്വേ മുഖേന കണ്ടെത്തിയവർക്ക് അവരുടെ ദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ ഉൾപ്പെടെ എല്ലാവിധ ഘടകങ്ങളും ഉൾപ്പെടുത്തി ഒരു മൈക്രോപ്ലാൻ പഞ്ചായത്തിൽ രൂപീകരിക്കണമെന്ന് പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (സ.ഉ(കൈ.) 84/2022/തസ്വഭവ തീയതി 19.4.2022) പറഞ്ഞിട്ടുണ്ട്. അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയ പദ്ധതി മൈക്രോപ്ലാൻ തയ്യാറാക്കൽ എന്ന പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (33/21.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ അതിദാരിദ്ര്യ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തിയതിന്റെ വിശദാംശങ്ങളും അതിദാരിദ്ര്യ മൈക്രോപ്ലാൻ പ്രകാരം വിഭാവനം ചെയ്ത എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

**1-24 മാനദണ്ഡങ്ങൾ പാലിക്കാതെ പട്ടികജാതി വനിതാസംരംഭകർക്ക് ധനസഹായം അനുവദിച്ചു- 525000/- രൂപ തടസ്സപ്പെടുത്തുന്നു.**

പ്രോജക്റ്റ് നമ്പർ - (266/23) – പട്ടികജാതി വനിതാസംരംഭകർക്ക് ധനസഹായം

അടങ്കൽ : 750000/- (എസ്.സി.പി)

ചെലവ് : ബിൽ നം 35/23. Dt. 31.03.23 തുക 525000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

കുടുംബശ്രീയിലെ അംഗങ്ങളായ 18നും 59നും ഇടയ്ക്ക് പ്രായമായ തൊഴിൽ രഹിതരായ വ്യക്തിഗത സംരംഭകർക്ക് സംരംഭം ആരംഭിച്ച് 3 മാസത്തെ പ്രവർത്തനം സി.ഡി.എസ്. സംവിധാനത്തിലെ ഒരു മൈക്രോഎന്റർപ്രൈസസ് കൺസൾട്ടന്റ് , വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതി വിലയിരുത്തി

ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് തുക കൈമാറുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പദ്ധതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആനുകൂല്യം ലഭിച്ചിട്ടുള്ള താഴെ ചേർക്കുന്ന വ്യക്തികൾ ധനസഹായം ലഭിക്കുന്നതിന് ദിവസങ്ങൾക്ക് മുൻപായി സ്ഥാപനം ആരംഭിച്ച് രജിസ്ട്രേഷൻ നടത്തിയതായും, രജിസ്ട്രേഷൻ കഴിഞ്ഞ ഉടൻ തന്നെ സാമ്പത്തിക സഹായം ലഭിച്ചതായും കാണുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | സംരംഭം | സംരംഭം രജിസ്ട്രേഷൻ നടത്തിയ തീയതി | സബ്സിഡി തുക | സബ്സിഡി അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1 | ലത.കെ | ദേവി ഗാർമെന്റ്സ് | 20.02.23/Kudumbasree | 75000 | 31.03.23 |
| 2 | അക്ഷര അജയൻ | കാർത്തിക കളക്ഷൻസ് | 27.01.23/Kudumbasree | 75000 | 31.03.23 |
| 3 | അതുല്യ.സി | വിഷ്ണുലാൽ അസോസിയേറ്റ്സ് | 13.02.23/Kudumbasree | 75000 | 31.03.23 |
| 4 | ശാന്തി. എ | ചിത്തിര സ്റ്റോർ | 6.02.23/Kudumbasree | 40000 | 31.03.23 |
| 5 | ആര്യ സുരേഷ്.എസ്.എ | ഏർബാദ് ബിരിയാണി | 25.02.23/fssai Registration | 40000 | 31.03.23 |
| 6 | നിഷകുമാരി | - | 27.02.23/Kudumbasree | 40000 | 31.03.23 |
| 7 | ജയന്തി. ആർ | ശരണ്യ ഗാർമെന്റ്സ് | 1.03.23/Kudumbasree | 40000 | 31.03.23 |
| 8 | ഷീജകുമാരി | അക്ഷയ കെമിക്കൽസ് | 20.02.23/Kudumbasree | 40000 | 31.03.23 |
| 9 | നിഷ ഗിരീഷ് | അല്ലൂസ് കേക്ക്സ് | 9.02.23/fssai Registration | 25000 | 31.03.23 |
| 10 | സൌമ്യ. ജെ.എസ്സ് | എസ്.എ. ലേഡീസ് സ്റ്റിച്ചിംഗ് സെന്റർ | 10.03.23/Kudumbasree | 25000 | 31.03.23 |

2. ഇത് കൂടാതെ 16.12.2022 തീയതിയിലെ 1(25) നമ്പർ തീരുമാനപ്രകാരം 11 ഗുണഭോക്താക്കളെ ആനുകൂല്യത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളെ അടുത്ത ഗ്രാമസഭയിൽ അംഗീകരിക്കുന്നതിനും ധനസഹായം നൽകിയത് സാധൂകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.22) യിലെ 6.5.2 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം അനുവദിച്ചതിനാൽ 525000/- രൂപ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (34/21.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സംരംഭങ്ങൾ നിലവിൽ പ്രവർത്തന ക്ഷമമാണോ എന്ന് പരിശോധന നടത്തിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിക്കുകയും ധനസഹായം നൽകിയത് സാധൂകരിച്ചതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 വാഹനഉപയോഗം- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
- ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്. ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (25/17.11.23) വരും കാലങ്ങളിൽ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കർശനമായി

പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-26 2020-21 വർഷത്തിൽ ആരംഭിച്ച 'ടേക്ക് എ ബ്രേക്ക്' പദ്ധതി 2022-23 വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

(1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 91/2022-23 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | ടേക്ക് എ ബ്രേക്ക് പദ്ധതി - KSRTC ബസ് ടെർമിനലിൽ പുതിയ പ്രീമിയം ടോയ്‌ലറ്റ് നിർമ്മാണം |
| അടങ്കൽ | 30,51,648/- രൂപ (ധനകാര്യ കമ്മിഷൻ അവാർഡ് – 1951648/-, മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 300000/-, മറ്റുള്ളവ – 800000/-) |
| ചെലവ് | 21,04,884/- രൂപ (ധനകാര്യ കമ്മിഷൻ അവാർഡ് – 1804884/-, മറ്റുള്ളവ – 300000/-) |

(2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 280/2022-23 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | ടേക്ക് എ ബ്രേക്ക് അനുബന്ധ പ്രവർത്തനങ്ങൾ |
| അടങ്കൽ | 10,00,000/- രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ് | 8,29,444/- രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്) |

2020-21 വർഷത്തിൽ DPC അംഗീകാരം കിട്ടിയ ടി പ്രോജക്ട് നടത്തിപ്പിനായി 22.01.2021 -ൽ പഞ്ചായത്ത് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ടുകയും 22.02.2021 ൽ സൈറ്റ് കൈമാറുകയും ചെയ്തു. TS No. S1230/20-21 പ്രകാരം അഞ്ച് മാസം കൊണ്ട് പൂർത്തിയാക്കേണ്ട ഈ പ്രോജക്ട് 2 വർഷം പിന്നിട്ടിട്ടും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. 43,10,000/- രൂപ അടങ്കലിൽ ആരംഭിച്ച പദ്ധതിക്കായി 2021-22, 2022-23 വർഷങ്ങളിലായി ആകെ 41,92,680/- രൂപ ചെലവിട്ടതായി കാണുന്നു.

വ്യത്യസ്ത പ്രോജക്ടുകളിലായി (കെട്ടിട നിർമ്മാണം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ) നാളിതുവരെ ടേക്ക് എ ബ്രേക്കിനായി ചെലവിട്ട തുക, പദ്ധതി പൂർത്തിയാക്കാത്തതിന് കാരണം, പദ്ധതി വൈകിയതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ 21.11.2023 ൽ നൽകിയ 35 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടുവെങ്കിലും ആരാഞ്ഞുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതും, കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മൂലമാണ് പദ്ധതി വൈകുന്നതെങ്കിൽ കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കേണ്ടതും, ഉദ്യോഗസ്ഥ വീഴ്ച മൂലമാണ് പദ്ധതി വൈകുന്നതെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 120000 | പട്ടികജാതി വകുപ്പ് - ലൈഫ് ഭവനനിർമ്മാണം | 120000 | 0 |
| | | 0 | 160000 | ലൈഫ് 20-20 എസ്.സി.ഭവനനിർമ്മാണം | 160000 | 0 |
| | | 0 | 40000 | ലൈഫ് 20-20 ജനറൽ ഇ.പി.ഐ.പി ഭവനനിർമ്മാണം | 40000 | 0 |
| | | 0 | 390000 | ന്യൂലൈഫ് ഭവനപദ്ധതി ജനറൽ | 390000 | 0 |
| | | 0 | 421875 | സ്നേഹസ്പർശം | 421875 | 0 |
| | | 0 | 1000000 | ക്ഷീര സമൃദ്ധി | 1000000 | 0 |
| | | 1327848 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 1327848 |
| **ആകെ** | | **1327848** | **2131875** | | **2131875** | **1327848** |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 103000 | പട്ടികജാതി വകുപ്പ് - ലൈഫ് ഭവനനിർമ്മാണം | 103000 | 0 |
| | | 0 | 360000 | ന്യൂലൈഫ് ഭവനപദ്ധതി ജനറൽ | 360000 | 0 |
| | | 0 | 780000 | ന്യൂലൈഫ് ഭവനപദ്ധതി ജനറൽ | 780000 | 0 |
| | | 0 | 421875 | സ്നേഹസ്പർശം | 421875 | 0 |
| | | 0 | 64809 | ക്ഷീര സമൃദ്ധി | 64809 | 0 |
| | | 809589 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 809589 |
| **ആകെ** | | **809589** | **1729684** | | **1729684** | **809589** |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1327840 | 2131875 | 3459715 | 2131875 | 1327840 | 1327840 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 809589 | 1729684 | 2539273 | 1729684 | 809589 | 809589 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**സുലേഖ ചെലവ് പത്രിക പ്രകാരം**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 4/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 358333 | - | 358333 |
| | 1/23 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | 972970 | - | 972970 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | 2022-23 വർഷം തിരികെ ലഭിച്ച തുക (Rp-49 പ്രകാരം)/വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 5804844 | 1331303 | 7136147 | 0 | * 7136147 | 6964039 |
| കേരള വാട്ടർ അതോറിറ്റി | 6190228 | - | 6190228 | 6190228 | 0 | 0 |

നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയതും വിനിയോഗസാക്ഷ്യപത്രം ലഭിച്ചതുമായ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-16 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

* കെ.എസ്.ഇ.ബി. യ്ക്ക് പ്രോജക്ട് നമ്പർ 4/23 പ്രകാരം മുൻകൂർ നൽകിയ 3,58,333/- രൂപയുടെ ചെലവിൽ 1,72,108/- രൂപയുടെ ചെലവ് മുൻകൂർ ഹെഡിൽ ഉൾപ്പെടുത്തതാണ വ്യത്യാസത്തിന് കാരണം. അപാകം ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|
| 58168000 | 3166603 | 5721373 | 55613230 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 2-4(e) 1-1 | 1250 | Manager, SBI Kattakada | 1220108008/20.02.2023 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | അവസ്ഥ |
|---|---|---|---|
| 2020-21 | 2019-20 | 1-9, 1-10, 1-14, 1-23, 1-28 | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 22153791 |
| ഓഡിറ്റ് വർഷത്തെ വരവ് | 82848366 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 66477674 |
| നീക്കിയിരിപ്പ് | 38524483 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **563200** |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 38200 | ശ്രീ. രാജീവ് .ജി.വി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 525000 | ശ്രീ. രജിത്ത് .ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **563200** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജീവ് .ജി.വി, അസിസ്റ്റന്റ് സെക്രട്ടറി | ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ്, എൽ.എസ്.ജി.ഡി. തിരുവനന്തപുരം | തിരുവാതിര, സി.എസ്.എം. നഗർ 17, ഇടപ്പഴിഞ്ഞി |
| ശ്രീ. രജിത്ത് .ആർ, അസിസ്റ്റന്റ് സെക്രട്ടറി | ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ്, എൽ.എസ്.ജി.ഡി. കാസർഗോഡ് | പുത്തൻവീട്ടിൽ, കോഴിച്ചാൽ, കോഴിച്ചാൽ .പി.ഒ, കണ്ണൂർ-670511 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/678/2022 തീയതി 18.10.2022 | 5<br>3-5, 3-6, 3-7, 3-8, 3-9 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/678/2022 തീയതി 18.10.2022 | 10<br>3-5-1, 3-6-2, 3-6-3, 3-6-4, 3-6-5, 3-7, 3-8-1, 3-9, 3-10, 3-11 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/678/2022 തീയതി 18.10.2022 | 12<br>2-4 (എ, ബി), 2-5, 3-1,<br>3-3, 3-4 (1), (2), 3-5, 3-6, 3-7, 3-8, 3-9, 3-10, 4-4 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/ തീയതി. 04.04.2014 | 14 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/36/16 തീയതി. 08.02.2016 | 6 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/857/15 തീയതി. 26.04.2016 | 5 |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1772/2016 തീയതി. 05.04.2017 | 10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/975/17 തീയതി. 23.6.2017 | 4 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1666/2017 തീയതി. 06.02.2018 | 9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2572/2018 തീയതി. 05.08.2019 | 33 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1718/2019 തീയതി. 05/2020 | 25 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5/920/2017 തീയതി. 11.08.2022 | 31 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.5-793/2022തീയതി.10.06.22 | 22 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/2222/2022 തീയതി.13.02.23 | 32 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 29-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kattakada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kattakada Grama Panchayat for the year 2022-2023

**Date: 27/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kattakada Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Deficit account : As per the Income and Expenditure statement the institution has a deficit balance account, Income is 269160703/- and Expenditure is 270822432/-. (Deficit-1661729/-).

2.Discrepancies in carrying forward the closing balance.

The previous year's closing balance of SBI E-payment account of amount Rs. 1364866/- does not match the current year's opening balance (1364871) The difference is to be explained.

3.The following Bank accounts have not been included in the annual financial statement.

| Account No. | Bank | Closing Balance |
|---|---|---|

| | | |
|---|---|---|
| 110042517544, CANARA - HEALTH GRANT - BUILDINGS | CANARA Bank, Kattakada | 0 |
| 110020636816 Canara Bank, Vathilpadisevanam | CANARA Bank, Kattakada | 1,11,969/- |

**2.Other Observations**

1. Mandatory financial statements as per accounting rules like ratios are not submitted with AFS.
2. Cash Flow statement -Net increase in cash flow (16370692/-) does not match with net cash generated during financial year (2265910/-).

3. The refunded amount of Rs.4,80,000/- (wrongly transferred for life housing scheme) was receipted in wrong account head code 320700203 Contributions for joint venture projects (for revenue expenditure).

4. Lapses in making timely and accurate demand entries in respect of tax revenue.
eg- Property tax, Profession tax

5. Journal, Contra vouchers are kept without attestation of Secretary.

6. No monthly reconciliation is done between ledger balances and related registers.

7. Deposit Register, Loan Register, Advance Register are not maintained properly. Hence the authenticity ofamount recorded in balance sheet cannot verified.

8. The following cheques remain as cheque issued but not presented to bank (SBI Relief Fund (57037471726)) and uncashed for more than three months were not transferred to Stale Cheque Account.

| Sl. No. | Cheque No. | Date | Amount |
|---|---|---|---|
| 1 | 652825 | 25-02-22 | 1000 |
| 2 | 652826 | 25-02-22 | 1000 |
| 3 | 223992 | 26-02-22 | 500 |

9. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

10. The bank book of LGTSB NEW 007 (799013000000007) shows credit balance of -976051.

11. The amount as per the utilisation certificate (7421729/-) received from water authority does not match with the amount (4772629/-) entered in the corresponding ledger (Head code 460500201).

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്